# നാളികേര ഉത്പാദക സംഘങ്ങളെ നാളികേര സംഭരണ ഏജൻസികളായി നിയോഗിച്ചു

കൊച്ചി: താങ്ങുവിലപ്രകാരം 2012 സീസണിലെ ആട്ടുകൊപ്ര സംഭരണത്തിനുള്ള സംസ്ഥാനതല ഏജൻസികളായി കേരഫെഡിനെയും മാർക്കറ്റിംഗ് ഫെഡറേഷനെയും സർക്കാർ ഉത്തരവിലൂടെ നിയോഗിച്ചു. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ സംഭരണ ഏജൻസി കേരഫെഡാണ്, മറ്റു ജില്ലകളിൽ മാർക്കറ്റിംഗ് ഫെഡറേഷനും. ഈ ഏജൻസികൾക്ക് മില്ലിംഗ് കൊപ്ര നേരിട്ടു നൽകാനുള്ള അനുമതി നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേരോത്പാദക സംഘങ്ങൾക്കും നൽകിയിട്ടുണ്ട്. സംഘങ്ങൾക്ക് അംഗങ്ങളുടെ നാളികേരം (തൊണ്ടില്ലാതെ കിലോ 14 രൂപ നിരക്കിൽ) ശേഖരിച്ച് ഗുണനിലവാരമുള്ള കൊപ്രയുണ്ടാക്കി താങ്ങുവില നിരക്കിൽ (കിലോ 51 രൂപ) കേരഫെഡിനും മാർക്കറ്റ്ഫെഡിനും നൽകാം. നാളികേരത്തിന് എത്ര വിലയിടിഞ്ഞാലും സംഘാംഗങ്ങളായ കർഷകർക്ക് കിലോയ്ക്ക് 14 രൂപ ഉറപ്പായി ലഭിക്കും.

കർഷകർ തങ്ങളുടെ ഉത്പന്നം നേരിട്ട് വിപണിയിൽ എത്തിക്കാതെ ഉത്പാദക സംഘങ്ങളിലൂടെ സംഭരണ ഏജൻസികൾക്കു നൽകി താങ്ങുവിലയുടെ ആനുകൂല്യം പരമാവധി നേടിയെടുക്കാൻ ശ്രമിക്കണമെന്നു ബോർഡ് ഓർമിപ്പിച്ചു. കൊപ്രസംഭരണം പൂർണതോതിൽ ആരംഭിക്കുമ്പോൾ വില പഴയനിലയിലേക്ക് ഉയർന്ന് വളരെ വേഗത്തിൽ താങ്ങുവിലയെ മറികടക്കുമെന്നാണു പ്രതീക്ഷ.

കൊപ്ര സംസ്ക്കരണത്തിന് അടിസ്ഥാനസൗകര്യമില്ലാത്ത ഉത്പാദക സംഘങ്ങൾ നാളികേര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ കൊപ്ര ഡ്രയർ സ്ഥാപിച്ച് അംഗങ്ങൾക്കു താങ്ങുവിലയുടെ ആനുകൂല്യം ലഭ്യമാക്കണമെന്നും ബോർഡ് നിർദേശിച്ചു.